# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2022** — **19.06.2012 ൽ മറുപടിയ്ക്ക്**

## നബാർഡ് നൽകുന്ന കാർഷിക വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് നൽകുന്ന കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ടോ; | (എ) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പ നൽകുന്നതിന് പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇപ്പോൾ കാർഷിക വായ്പയ്ക്ക് നബാർഡ് ഈടാക്കുന്ന പലിശ നിരക്കും കൃഷിക്കാർ നൽകേണ്ടി വരുന്ന പലിശ നിരക്കും സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (ബി) നബാർഡിൽ നിന്നും പുനർ വായ്പയായി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 4.5% പലിശയാണ് നബാർഡ് ഈടാക്കുന്നത്. ഈ വായ്പകൾക്ക് കർഷകൻ 7% പലിശ നൽകേണ്ടതായി വരുന്നു. 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനാവശ്യമായ ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം എല്ലാ കാർഷിക വായ്പകൾക്കും ഈയിനത്തിൽ 5% പലിശ സബ്സിഡി നൽകുന്ന പദ്ധതി അംഗീകരിക്കുകയുണ്ടായി. അതോടൊപ്പം സംസ്ഥാനത്ത് |

സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി സംഘങ്ങൾക്ക് നൽകി കാർഷിക വായ്പ പലിശരഹിതമായി കർഷകർക്ക് നൽകുന്ന പദ്ധതി 2012-13 വർഷത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) തന്നാണ്ടിൽ കാർഷിക വായ്പ നൽകുന്നതിന് നബാർഡ് സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിക്കുകയുണ്ടായി എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ 40% തുകയാണ് പുനർവായ്പയായി നബാർഡിൽ നിന്നും ലഭിക്കുന്നത്. ബാക്കി 60% തുക സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും അവരുടെ വിഹിതം കൂടി ചേർത്താണ് കാർഷിക വായ്പയായി നൽകി വരുന്നത്. ഹ്രസ്വകാല കാർഷിക വായ്പാമേഖലയിലെ അപ്പക്സ് ബാങ്കായ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ എൻ.പി.എ. നിലവാരം 10% ൽ അധികമായതിനാൽ ലഭിക്കുന്ന പുനർവായ്പയിൽ 5% ന്റെ കുറവ് വന്നിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം 505 കോടി രൂപ കാർഷിക വായ്പയായി നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്ക് വഴി പുനർവായ്പയായി ജില്ലാ സഹകരണ ബാങ്കുകൾക്ക് ചുവടെ ചേർക്കുന്ന പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

| **ജില്ല** | **തുക കോടിയിൽ** |
|---|---|
| തിരുവനന്തപുരം | 105.72 |
| കൊല്ലം | 6.85 |
| പത്തനംതിട്ട | 27.42 |
| ആലപ്പുഴ | 30.88 |
| ഇടുക്കി | 51.47 |
| എറണാകുളം | 58.3 |

| | |
|---|---|
| തൃശ്ശൂർ | 32.43 |
| പാലക്കാട് | 99.4 |
| മലപ്പുറം | 15.44 |
| കോഴിക്കോട് | 24.22 |
| വയനാട് | 23.02 |
| കണ്ണൂർ | 14.43 |
| കാസറഗോഡ് | 16.25 |
| **ആകെ** | **505.83** |

(ഡി) നബാർഡ് തുക പലിശരഹിത വായ്പയായി കൃഷിക്കാർക്ക് നൽകുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഇതിനകം എന്തു തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്;

(ഡി) സംസ്ഥാന സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും 2011-12 വർഷം ഈയിനത്തിൽ 1 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2012-13 വർഷം മുതൽ ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കും. 2012-13 വർഷം 31 കോടി രൂപ കൂടി അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) കേന്ദ്രസർക്കാർ ഹ്രസ്വകാല വായ്പകൾക്ക് നൽകിവരുന്ന സബ്സിഡിയും കൃത്യമായി വായ്പ തിരിച്ചടച്ചാൽ ലഭിക്കുന്ന 5 ശതമാനം പലിശയിളവും അല്ലാതെ മേൽപ്പറഞ്ഞ നിലയിൽ പലിശ രഹിത വായ്പ നൽകുന്നതിന് സർക്കാരിന് പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

(ഇ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയാണ് നിലവിലുള്ളത്.

സെക്ഷൻ ഓഫീസർ